**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2566** **12.2.2020 -ൽ മറുപടിയ്ക്ക്**

പട്ടാമ്പി പൈതൃക പ്രോജക്ട്

| | ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | പട്ടാമ്പി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | വിനോദസഞ്ചാര വകുപ്പിനു കീഴിൽ പട്ടാമ്പി മണ്ഡലത്തിൽ പദ്ധതികൾ ഒന്നും നടപ്പാക്കി വരുന്നില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ സ്പിരിച്ചൽ സർക്യൂട്ട് വികസനം എന്ന സ്കീമിൽ ഉൾപ്പെടുത്തി പട്ടാമ്പി മണ്ഡലത്തിൽ താഴെ പറയുന്ന വികസനം നടപ്പിലാക്കി വരുന്നു.<br>1) തിരുവേഗപ്പുറം മഹാദേവക്ഷേത്രം- 22,02,616 രൂപ<br>2) പട്ടാമ്പി ജുമാ മസ്ജിദ് -17,02,616 രൂപ<br>3) മരുതൂർ തളി ശിവ ക്ഷേത്രം - 93,52,616 രൂപ |
| ബി) | വിനോദ സഞ്ചാര വകുപ്പിനു കീഴിൽ ഏറ്റവും കുറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കി വരുന്ന പട്ടാമ്പി മണ്ഡലത്തിലെ അതിപുരാതന ക്ഷേത്രങ്ങളായ പട്ടാമ്പി പടിഞ്ഞാറേ മഠം, ഞാങ്ങാട്ടിരി ഭഗവതി ക്ഷേത്രം, തിരുമിറ്റക്കോട് വിഷ്ണു ക്ഷേത്രം എന്നിവ ഉൾപ്പെടുത്തി, ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് പട്ടാമ്പി പൈതൃക പ്രൊജക്ട് എന്ന ഒരു പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ? | ബി) | ടൂറിസം സാധ്യത സംബന്ധിച്ച പഠനം നടത്തിയതിനുശേഷം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ